# CAREER Updates
# പത്രവൃത്താന്തം

**04.07.2024 (വ്യാഴം)**



➪ 2024 ജൂലൈയിൽ കേരള ഹൈക്കോടതി ആക്ടിംഗ് ചീഫ് ജസ്റ്റിസ് ആയി നിയമിതനായത്

✔ ജസ്റ്റിസ് എ. മുഹമ്മദ് മുഷ്താഖ്

- കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആയി സേവനമനുഷ്ഠിച്ചിരുന്ന എ.ജെ. ദേശായി വിരമിച്ചതോടെയാണ് എ. മുഹമ്മദ് മുഷ്താഖിനെ ആക്ടിംഗ് ചീഫ് ജസ്റ്റിസ് ആയി പ്രഖ്യാപിച്ചുകൊണ്ടുള്ള വിജ്ഞാപനം കേന്ദ്രസർക്കാർ പുറപ്പെടുവിച്ചത്.
- 2014 ജനുവരിയിൽ കേരള ഹൈക്കോടതിയിൽ അഡീഷണൽ ജഡ്ജിയായി ചുമതലയേറ്റ എ. മുഹമ്മദ് മുഷ്താഖ് 2016 മാർച്ച് മുതൽ സ്ഥിരം ജഡ്ജിയായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു.

➪ 2024 ജൂലൈയിൽ ഝാർഖണ്ഡ് മുഖ്യമന്ത്രി സ്ഥാനത്ത് നിന്നും രാജിവച്ച വ്യക്തി

✔ ചംപായ് സോറൻ

- ചംപായ് സോറന് പകരം ഝാർഖണ്ഡ് മുഖ്യമന്ത്രിയായി സ്ഥാനമേൽക്കുന്നത് ഹേമന്ത് സോറൻ ആണ്.

➪ 2024-ലെ കേരള സംസ്ഥാന സ്കൂൾ കായിക മേളയുടെ വേദി

✔ എറണാകുളം

- അത്‌ലറ്റിക്സും ഗെയിംസും ഒരുമിച്ചുചേർത്ത് ഒളിമ്പിക്സ് മാതൃകയിൽ സംഘടിപ്പിക്കപ്പെടുന്ന ആദ്യ സംസ്ഥാന സ്കൂൾ കായിക മേളയാണ് 2024-ൽ നടക്കുന്നത്. നാല് വർഷത്തിൽ ഒരിക്കൽ ഒളിമ്പിക്സ് മാതൃകയിലും അല്ലാത്ത വർഷങ്ങളിൽ സാധാരണ പോലെയുമായിരിക്കും ഇനിമുതൽ സംസ്ഥാന കായിക മേള സംഘടിപ്പിക്കപ്പെടുക.

➪ 2024-ലെ കേരള സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ വേദി

✔ തിരുവനന്തപുരം

➪ ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ വാർഡ് ആകാൻ തയ്യാറെടുക്കുന്നത്

✔ ലാലൂർ (തൃശൂർ)

➪ 2024 ജൂലൈയിൽ പ്രവർത്തനം അവസാനിപ്പിച്ച, ട്വിറ്ററിന് (എക്സ്) സമാനമായി 2020-ൽ അവതരിപ്പിക്കപ്പെട്ട സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം

✔ കൂ

➪ ഇന്റർനാഷണൽ ക്രിക്കറ്റ് കൗൺസിൽ 2024 ജൂലൈയിൽ പുറത്തിറക്കിയ ട്വന്റി-20 ഫോർമാറ്റിലെ ആൾറൗണ്ടർമാരുടെ റാങ്കിംഗിൽ ഒന്നാം സ്ഥാനം നേടിയ ഇന്ത്യൻ താരം

✔ ഹാർദ്ദിക് പാണ്ഡ്യ

- ട്വന്റി-20 ഫോർമാറ്റിലെ ആൾറൗണ്ടർമാരുടെ റാങ്കിംഗിൽ ഒന്നാം സ്ഥാനത്തെത്തുന്ന ആദ്യ ഇന്ത്യൻ താരമാണ് ഹാർദ്ദിക് പാണ്ഡ്യ.

➪ 2024 ജൂലൈയിൽ നടന്ന 24-ാമത് ഷാങ്ഹായ് കോർപ്പറേഷൻ ഉച്ചകോടിയുടെ വേദി

✔ അസ്താന (കസാഖിസ്ഥാൻ)

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999